**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2050 **05.05.2017**-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർഗ്രാമ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2015 - 16 വർഷത്തിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം ചെങ്കൽ പഞ്ചായത്തിലെ ആലത്തറവിളാകം പട്ടിക ജാതി കോളനിയിൽ നടപ്പാക്കിയ പണികൾ പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായത് എന്തു കൊണ്ട്; പ്രസ്തുത പണി ഉടൻ പൂർത്തീകരിക്കാൻ കഴിയുമോ; | (എ) | ആലത്തറവിളാകം കോളനിയുടെ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ FIT - ക്കാണ് നൽകിയിരുന്നത്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ 12/2014-ൽ അഡ്വാൻസായി നൽകിയെങ്കിലും കോളനി നിവാസികളുടെ ആവശ്യപ്രകാരം പ്രവൃത്തികളിൽ മാറ്റം വരുത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകേണ്ടി വരികയും തുടർന്ന് MOU വച്ച് പ്രവൃത്തികൾ ചെയ്ത ശേഷം വർക്ക് ബില്ല് ഉൾപ്പെടെയുള്ള രേഖകൾ ഏജൻസി ഹാജരാക്കാൻ വൈകിയതിനാൽ രണ്ടാം ഗഡുവായ 40 ലക്ഷം രൂപ 23.03.2017-ന് മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. കോളനിക്കാർക്കിടയിലുണ്ടാകുന്ന തർക്കങ്ങളും സാങ്കേതിക കാരണങ്ങളുമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന് കാരണമായി ഏജൻസി അറിയിച്ചിട്ടുള്ളത്. എത്രയും വേഗം പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ല് ഹാജരാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കുളത്തൂർ പഞ്ചായത്തിലെ തോണിക്കടവ് പട്ടിക ജാതി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കിയ പണികൾ പൂർത്തീകരിച്ചോ; മേൽപ്പറഞ്ഞ പണികളിൽ ഏതെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദിത്തപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിച്ചോ; | (ബി) | പണികൾ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗിച്ചുവരുന്നു. കോളനിയിലെ പ്രവൃത്തികളിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പണികൾ പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ ഏജൻസിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു? | (സി) | കോളനിക്കാർക്കിടയിലുണ്ടാകുന്ന തർക്കങ്ങളും സാങ്കേതിക കാരണങ്ങളുമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന് കാരണമായി ഏജൻസി അറിയിച്ചിട്ടുള്ളത്. പണികൾ പൂർത്തീ കരിക്കുന്നതിന് ഏജൻസി മന:പൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ലാത്തതിനാൽ ഏജൻസിക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |



സെക്ഷൻ ഓഫീസർ